പതിമൂന്നാം കേരളനിയമസഭ

ഒൻപതാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ:3237 24.6.2013 ൽ മറുപടിക്ക്.

## ഐഡിയാസ് ഫയൽ ട്രാക്കിംഗ് സിസ്റ്റം

**ചോദ്യം**
ശ്രീ.ജോസ് തെറ്റയിൽ

**ഉത്തരം**
ശ്രീ. ഉമ്മൻചാണ്ടി
(മുഖ്യമന്ത്രി)

| | | | |
|---|---|---|---|
| (എ) | പൊതുജനങ്ങൾക്കും ജനപ്രതിനിധികൾക്കും ഫയലുകളുടെ നിജസ്ഥിതി അറിയുന്നതിനായി ഗവൺമെന്റ് സെക്രട്ടേറിയറ്റിലും മറ്റ് വിവിധ വകുപ്പുകളിലും ഏർപ്പെടുത്തിയിരിക്കുന്ന ഐഡിയാസ് ഫയൽ ട്രാക്കിംഗ് സിസ്റ്റം കാര്യക്ഷമമായ രീതിയിൽ പ്രവർത്തിക്കാതിരിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ഐഡിയാസ് സംവിധാനം ഇപ്പോൾ കാര്യക്ഷമമായി പ്രവർത്തിക്കുന്നുണ്ട്. |
| (ബി) | പ്രസ്തുത സംവിധാനം ഫലപ്രദമായ രീതിയിൽ ഉപയോഗിക്കാത്ത ഉദ്യോഗസ്ഥർക്കെതിരെ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; | (ബി) യും (സി) യും | ഉണ്ട്.വകുപ്പുകളിൽ ലഭിക്കുന്ന തപാലുകളും ഫയലുകളും ഐഡിയാസിൽ രേഖപ്പെടുത്തണമെന്ന് എല്ലാ ഉദ്യോഗസ്ഥർക്കും കർശന നിർദ്ദേശം നൽകിയിട്ടുണ്ട്. കൂടാതെ ഐഡിയാസ് സംവിധാനം ഫലപ്രദമായി ഉപയോഗിക്കാത്ത ഉദ്യോഗസ്ഥരെ കണ്ടെത്തി അവരോട് വിശദീകരണം ചോദിച്ച് നടപടി സ്വീകരിച്ചിട്ടുണ്ട്. |
| (സി) | ഉണ്ടെങ്കിൽ സ്വീകരിച്ച നടപടി വ്യക്തമാക്കാമോ? | | |

സെക്ഷൻ ഓഫീസർ